**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 560** **13-10-2026-ൽ മറുപടിയ്ക്ക്**

**നെല്ലിക്കുന്ന് ശിവപാർവ്വതി ശിലാക്ഷേത്രത്തിന് വൈദ്യുതി കണക്ഷൻ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം നെല്ലിക്കുന്ന് ശിവപാർവ്വതി ശിലാക്ഷേത്രത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കണം എന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ കണക്ഷൻ നൽകുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ വ്യക്തമാക്കാമോ?

**മറുപടി:** കരവാരം നെല്ലിക്കുന്ന് ശിവപാർവതി ക്ഷേത്രത്തിന് പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി 23/02/2024-ൽ കല്ലമ്പലം ഇലക്ട്രിക്കൽ സെക്ഷനിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ, നിലവിലുള്ള വൈദ്യുതി വിതരണ ശൃംഖല മുഖേന കല്ലമ്പലം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും പ്രസ്തുത കണക്ഷൻ നൽകുന്നത് സാങ്കേതികമായി സാധ്യമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. അതേസമയം, നഗരൂർ ഇലക്ട്രിക്കൽ സെക്ഷൻ മുഖേന കണക്ഷൻ നൽകുന്നതിനുള്ള സാങ്കേതിക സാധ്യത നിലവിലുണ്ട്. ഇലക്ട്രിക് ലൈൻ കടന്നുപോകേണ്ട ഭാഗത്ത് പാറ പൊട്ടിക്കുന്ന/ക്വാറി പ്രവർത്തനം നടക്കുന്ന സ്ഥലങ്ങൾ ഉൾപ്പെടുന്നു, ലൈൻ കടന്നു പോകുന്ന ഭാഗത്തെ സ്ഥലമുടമകളിൽ നിന്നും ആവശ്യമായ സമ്മതപത്രം/ അനുമതി ലഭ്യമാക്കി ലൈൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സ്ഥലമുടമകളിൽ നിന്നുള്ള അനുമതി ഉൾപ്പെടെയുള്ള അപേക്ഷാക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നഗരൂർ ഇലക്ട്രിക്കൽ സെക്ഷൻ വഴി പുതിയ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**